K20U 1454

GOVT. BRENNEN COLLEGE THALASSERY CENTRAL LIBRARY

Reg. No.: ..............................

Name : ..................................

## V Semester B.A. Degree (CBCSS – Reg./Sup./Imp.) Examination, November 2020 (2014 Admn. Onwards) CORE COURSE IN MALAYALAM

### 5B07 MAL : ഭാഷാശാസ്ത്രവും വ്യാകരണവും

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) കൃത്തുകൾ എന്നാലെന്ത് ? കൃതികൃത്തും കാരകകൃത്തും തമ്മിലുള്ള വ്യത്യാസമെഴുതുക.

2) വിനയെച്ചം എന്നാലെന്ത് ? വിനയെച്ച വിഭാഗങ്ങൾ വിശദീകരിക്കുക.

3) വർത്തമാനകാലപ്രത്യയത്തിന്റെ ആഗമത്തെക്കുറിച്ചുള്ള ഭിന്നമതങ്ങൾ സംഗ്രഹിക്കുക.

4) ഭാരതത്തിലെ ഭാഷകളെയും ഭാഷാഗോത്രങ്ങളെയും കുറിച്ച് ഉപന്യസിക്കുക.

**(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) വർണ്ണങ്ങൾക്ക് പലമാതിരി ശ്രുതിഭേദം വരാനുള്ള കാരണങ്ങൾ ഏതെല്ലാം ?

6) മലയാളം എന്ന വാക്കിന്റെ നിഷ്പത്തിയെക്കുറിച്ചുള്ള വിവിധ മതങ്ങൾ ചുരുക്കിയെഴുതുക.

7) ഗോത്രവിഭജനം എന്നാലെന്ത് ? ഉദാഹരിക്കുക.

8) സ്വനവിജ്ഞാനത്തിന്റെ അവാന്തരവിഭാഗങ്ങൾ പരിചയപ്പെടുത്തുക.

9) മനുഷ്യഭാഷയുടെ പ്രത്യേകതകൾ വിശദമാക്കുക.

10) പ്രകാരം എന്നാലെന്ത് ? എത്രവിധം ? ഏതെല്ലാം ? **(4×3=12)**

P.T.O.

K20U 1454

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) പുരുഷഭേദനിരാസം എന്നാലെന്ത് ?

12) നിഗീർണ്ണകർത്തൃകക്രിയകൾ എന്നാലെന്ത് ?

13) സ്വനവും സ്വനിമവും തമ്മിലുള്ള വ്യത്യാസമെന്ത് ?

14) ഭേദകങ്ങൾ എന്നാലെന്ത് ? മലയാളത്തിലെ ഭേദകങ്ങളെക്കുറിച്ച് എഴുതുക.

15) മലയാളത്തിലെ പ്രധാന നിഘണ്ടുക്കൾ പരിചയപ്പെടുത്തുക.

16) പ്രധാന ഉച്ചാരണസ്ഥാനങ്ങൾ ഏതെല്ലാം ? **(4×2=8)**

IV. **ഒറ്റ**വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) ഭംശിച്ചുവന്ന ദ്യോതകമേത് ?

18) ചൈനീസ് ഭാഷ ഏത് കക്ഷ്യയിൽ പെടുന്നു ?

19) ആധുനികഭാഷാശാസ്ത്രത്തിന്റെ മുഖ്യശില്പി ആര് ?

20) നാമവും ക്രിയയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന ശബ്ദമേത് ?

21) മിശ്രവിഭക്തി എന്നാലെന്ത് ?

22) ഭാഷയിൽ കർമ്മണിരൂപം ഉണ്ടാക്കുന്നതെങ്ങനെ ?

23) കാലം, പ്രകാരം തുടങ്ങിയ ഉപാധികൾ ഒന്നുമില്ലാത്ത യഥാർഥ ക്രിയയെത്തന്നെ കുറിക്കുന്ന വിനയെച്ചമേത് ?

24) ശരിയുത്തരം എടുത്തെഴുതുക.
അര + പണി = അരപ്പണി (തത്പുരുഷൻ, കർമ്മധാരയൻ, ബഹുവ്രീഹി, ഇതൊന്നുമല്ല) **(6×1=6)**

---